Downloaded From :http://cbseportal.com/

SET-4

**Series HRK**

Code No. **12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **8** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# SUMMATIVE ASSESSMENT – II

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക് : 90*

*Time allowed : 3 hours* — *Maximum Marks : 90*

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 14 marks |
| Section C : Grammar | 18 marks |
| Section D : Literature | 48 marks |


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/
CBSE PORTAL
www.cbseportal.com

## എ വിഭാഗം / SECTION A

1. താഴെ കൊടുത്തിരിയ്ക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

ഹാരപ്പൻ ജനതയുടെ കലാമികവ് ഏറ്റവും കുടുതൽ വ്യക്തമാകുന്നത് സീലുകളിലും, ശില്പങ്ങളിലും, ആഭരണങ്ങളിലും, വെള്ളി, വെങ്കല, കളിമൺ പാത്രങ്ങളിലുമാണ്. ചുട്ടെടുത്തതും അല്ലാത്തതുമായ മൺകട്ടകൾ ഉപയോഗിച്ചാണ് അവർ പൊതുവെ നിർമ്മാണങ്ങൾ നടത്തിയത്. ഇന്ത്യയിലെ ശിലാവാസ്തുവിദ്യയുടെ ആരംഭം മൗര്യകാലത്താണ് എന്നാണ് കരുതിയിരുന്നത്. എന്നാൽ ഗുജറാത്തിലെ ഹാരപ്പൻ സംസ്ക്കാര കേന്ദ്രമായ ധോളവിരയിൽ 1990കളിൽ നടത്തിയ ഉത്ഖനനം ശിലാവാസ്തുവിദ്യയുടെ ആരംഭകാലം രണ്ടായിരത്തിലേറെ വർഷം പിന്നിലേയ്ക്ക് മാറ്റി. ധോളവിരയുടെ കിഴക്കേ പ്രവേശനകവാടത്തിൽനിന്ന് ചുണ്ണാമ്പ്കല്ലിൽ തീർത്ത സ്തംഭത്തിന്റെ അധിഷ്ഠാനവും മിനുസമാർന്ന പ്രതലത്തോടുകൂടിയ സ്തംഭത്തിന്റെ ഭാഗികമായ അവശിഷ്ടങ്ങളും ലഭിച്ചതാണ് ബി.സി. നാലാം നൂറ്റാണ്ടിൽനിന്ന് ബി.സി. മൂന്നാം നൂറ്റാണ്ടിലേയ്ക്ക് ശിലാവാസ്തുവിദ്യയുടെ തുടക്കക്കാലമെത്തിച്ചത്. സിന്ധു നദീതട സംസ്ക്കാരത്തിലെ ശില്പങ്ങളാണ് ഇന്ത്യയിൽ നിന്ന് ലഭിയ്ക്കുന്ന ആദ്യകാല ശില്പങ്ങൾക്ക് ഉദാഹരണം. ശിലാവെങ്കലശില്പങ്ങൾക്ക് പുറമേ കളിമൺ ശില്പങ്ങളും ലഭിച്ചിട്ടുണ്ട്. മൃഗ-മനുഷ്യ രൂപങ്ങൾ ഉൾപ്പെടെയുള്ള കളിമൺ ശില്പങ്ങളിൽ മാതൃദേവതമാരെന്ന് പൊതുവെ കരുതപ്പെട്ടിരുന്ന സ്ത്രീ രൂപങ്ങളാണ് പ്രധാനം. ചിത്രങ്ങളും ചിത്രലിപിയും കൊത്തിയ സീലുകളാണ് ഹാരപ്പൻ കലയിലെ മറ്റൊരു വിഭാഗം. ഒറ്റക്കൊമ്പൻ ഉൾപ്പെടെയുള്ള സങ്കല്പ സൃഷ്ടികളായ മൃഗങ്ങളെയും എരുമകൾ, പോത്തുകൾ, കാട്ടുപോത്തുകൾ എന്നിവയെയും സീലുകളിൽ


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

ചിത്രീകരിച്ചിട്ടുണ്ട്. ജോൺ മാർഷൽ 'പ്രാക്-ശിവൻ' എന്ന് വിളിച്ച സീലിൽ ചിത്രീകരിച്ചിരിക്കുന്ന മൂന്ന് കൊമ്പുകളുള്ള ധ്യാനനിമഗ്നനായിരിയ്ക്കുന്ന മനുഷ്യരൂപം ഇന്ത്യൻ ശില്പകലയെ സംബന്ധിച്ച് സുപ്രധാനമായതാണ്. ഒട്ടേറെ മൃഗങ്ങളെ പ്രസ്തുത രൂപത്തിനുചുറ്റും ചിത്രീകരിച്ചതിനാൽ പശുപതിയെന്നും ആ രൂപത്തെ വിളിക്കാറുണ്ട്. മനുഷ്യാതീത ശക്തിയുടെ ചിത്രീകരണത്തിന് പില്ക്കാല ഭാരതീയ പ്രതിമാകരണ പദ്ധതിയിൽ ഉപയോഗിക്കുന്ന ഒന്നിലേറെ തലകളും കൈകാലുകളും എന്ന സങ്കേതത്തിന്റെ ആദ്യകാല ഉദാഹരണമാണിതെന്ന് പറയാം.

**ചോദ്യങ്ങൾ :**

(i) ഹാരപ്പൻ കലാരൂപങ്ങളുടെ മികവ് പ്രകടമാകുന്നത് എവിടെയാണ് ? *2*

(ii) ബി.സി. മൂന്നാം നൂറ്റാണ്ടിലാണ് ശിലാവാസ്തുവിദ്യയുടെ തുടക്കമെന്ന് പറയുന്നതെന്തുകൊണ്ട് ? *2*

(iii) ഇന്ത്യയിൽ നിന്ന് ലഭിച്ച ആദ്യകാല ശില്പങ്ങൾ ഏവ ? *2*

(iv) ജോൺ മാർഷൽ 'പ്രാക്-ശിവൻ' എന്നു വിളിച്ച സീലിന്റെ പ്രത്യേകതകൾ എന്തെല്ലാം ? *2*

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക. *2*


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

CBSE PORTAL www.cbseportal.com

## ബി വിഭാഗം / SECTION B

**2.** (a) ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക : *7*

(i) ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും

(ii) സാമൂഹ്യ മാധ്യമങ്ങളും യുവതലമുറയും

(iii) നഗരവത്ക്കരണം ഉയർത്തുന്ന ഭീഷണി

(b) യാത്രയ്ക്ക് തടസ്സമാകുന്ന വിധത്തിൽ റോഡരികുകളിൽ ഫ്ലെക്സുകൾ നിറയുന്നതിനെ നിയന്ത്രിയ്ക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് പോലീസ് അധികാരികൾക്ക് കത്ത് തയ്യാറാക്കുക. *7*

## സി വിഭാഗം / SECTION C

**3.** (a) പ്രയോഗം മാറ്റുക. *1×2=2*

(i) ഞാൻ ആദ്യമായിട്ടാണ് ഒരു കത്തെഴുതുന്നത്.

(ii) കടയുടെ വാതിൽ തുറന്ന് രമണി അയാളെ വിളിച്ചു.

(b) അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. *1*

ആ പെൺകുട്ടി നടപ്പാതയിൽ ഇരുമ്പഴികൊണ്ടുണ്ടാക്കിയ ഗ്രില്ലിന്മേൽ പിടിച്ച് ചിരിച്ചുകൊണ്ട് അവരെ നോക്കി നിൽക്കുകയാണ്.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *1*

ആടുകളുടെ ഗന്ധവ്യത്യാസ വൈജാത്യങ്ങൾ അറിയാൻ ഞാൻ പ്രാപ്തനാവുകയും ചെയ്തു.

(d) പരിച്ഛേഴുതി സന്ധി നിർണ്ണയിക്കുക. *1×2=2*

(i) മരതകക്കല്ല്

(ii) ഒരൊറ്റ

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. *1×2=2*

(i) മൂകവേദന

(ii) പൊന്നിൻകിരീടം



Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

**4.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക :

(a) പര്യായപദങ്ങൾ എഴുതുക. *1×2=2*

(i) നിറം

(മാനം, വർണ്ണം, നിര, ചായം)

(ii) കരുണ

(അനുതാപം, അനുകമ്പ, ദയ, കൃപാണം)

(b) വിപരീതപദമെഴുതുക. *1×2=2*

(i) പ്രഭാതം

(പുലരി, പ്രദോഷം, പ്രസാദം, വിഭാതം)

(ii) ഖേദം

(സന്തോഷം, സന്താപം, മോദം, ഇഷ്ടം)

(c) നാനാർത്ഥപദമെഴുതുക. *1×2=2*

(i) കര

(തിര, തീരം, അതിര്, അമലം)

(ii) മതി

(സൂര്യൻ, ബുദ്ധി, അഭിപ്രായം, ചന്ദ്രൻ)

(d) അർത്ഥവ്യത്യാസം എഴുതുക. *1×2=2*

(i) ഊഹം – ഊഴം

(നിഗമനം, നിഗമം, തവണ, നില)

(ii) സദനം – വദനം

(യാഗം, ഭവനം, ആനനം, വനം)

(e) എതിർലിംഗപദം എഴുതുക. *1×2=2*

(i) ആത്മജൻ

(അനുജൻ, അനുജത്തി, ആത്മജ, ആത്മ)

(ii) നരൻ

(നകുലൻ, നരി, നാരി, നരകി)


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

## ഡി വിഭാഗം / SECTION D

**5.** ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക : $\frac{1}{2} \times 8 = 4$

(a) ഒരു മണവും ഇല്ലാത്ത ഒരു ജീവിയേ മസറയിൽ ഉണ്ടായിരുന്നുള്ളൂ. ഏതായിരുന്നു ആ ജീവി ?

(നജീബ്, ഒട്ടകം, ആടുകൾ, ചെമ്മരിയാടുകൾ)

(b) സാരിക്കടയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ പെൺകുട്ടി എവിടെ കാത്തുനിൽക്കുന്നതാണ് 'അയാൾ' കണ്ടത് ?

(നടപ്പാതയിൽ, റോഡിൽ, ആശുപത്രി വരാന്തയിൽ, കാറിനരുകിൽ)

(c) 'സഹ്യന്റെ മകൻ' എന്ന പ്രശസ്തമായ കവിതയുടെ രചയിതാവാര് ?

(വൈലോപ്പിള്ളി ശ്രീധരമേനോൻ, ആറ്റൂർ രവിവർമ്മ, അക്കിത്തം അച്യുതൻ നമ്പൂതിരി, ഒ.എൻ.വി. കുറുപ്പ്)

(d) അംഗരാജ്യാധിപൻ ആരായിരുന്നു ?

(അഭിമന്യു, കർണ്ണൻ, ജയദ്രഥൻ, ഘടോത്ക്കചൻ)

(e) മടുത്തില്ലയോ നിനക്കേകതാനത ? ആരുടേതാണ് ചോദ്യം ?

(നഗരത്തിന്റെ, കവിയുടെ, സുഹൃത്തിന്റെ, പരിചയക്കാരന്റെ)

(f) 'അബീശഗിൻ' ആരുടെ കൃതിയാണ് ?

(ഇ. ഹരികുമാർ, സച്ചിദാനന്ദൻ, ബെന്യാമിൻ, മുകുന്ദൻ)

(g) 'ഗാന്ധാരീ വിലാപ'ത്തിൽ പ്രകടമാകുന്ന രസമേത് ?

(വീരം, കരുണം, ശൃംഗാരം, ശാന്തം)

(h) 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' ഏത് കഥാ സമാഹാരത്തിൽ ഉൾപ്പെടുന്നു ?

(അനിതയുടെ വീട്, നഗരവാസിയായ ഒരു കുട്ടി, ദിനോസറിന്റെ കുട്ടി, ഋഷഭത്തിന്റെ കണ്ണ് )


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/
CBSE PORTAL
www.cbseportal.com

**6.** (a) ഉത്തരമെഴുതുക : 4×4=16

(i) പ്രവാസ ജീവിതത്തിന്റെ ക്ലേശങ്ങൾ എടുത്തു കാണിക്കുന്നതാണ് ബെന്യാമിന്റെ 'ആടു ജീവിതം'. സമർത്ഥിയ്ക്കുക.

(ii) "അയാൾക്ക് വീടിനുള്ളിൽ കയറാൻ തോന്നിയില്ല." തോന്നാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ?

(iii) "ആ കത്തല്ല ആ കരച്ചിലായിരുന്നു എന്റെ സത്യം, ആരും വായിക്കാത്ത സത്യം." ആരുടേതാണ് ഈ വാക്കുകൾ ? സന്ദർഭവും ആശയവും വിശദീകരിയ്ക്കുക.

(iv) "ഇപ്പോൾ ഇരുട്ടിൽ പരുക്കൻ തെരുവിന്റെ ക്രൂരതയിൽ അവൾ വീണ്ടും ഒറ്റപ്പെട്ടിരിയ്ക്കുകയാണ്." പരുക്കൻ തെരുവിന്റെ ക്രൂരത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

(b) (i) "ഗാന്ധാരീ വിലാപത്തിന് ശത്രുമിത്രഭേദമില്ല. മക്കൾ നഷ്ടപ്പെട്ടുപോയ എല്ലാക്കാലത്തേയും അമ്മമാരുടെ വിലാപമാണ്." ഈ അഭിപ്രായം പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

(ii) "കുതിച്ചു തീവണ്ടി കിതച്ചു പായുന്നു
കുതുകാൽ ചിന്തകൾ കുതിക്കുന്നു മുമ്പേ..."
തീവണ്ടിയുടെ വേഗത്തെ കുതിപ്പായും ശബ്ദത്തെ കിതപ്പായും അവതരിപ്പിച്ചിരിയ്ക്കുന്നതിന്റെ ഔചിത്യം പരിശോധിയ്ക്കുക.

(iii) "ഇപ്പോളെന്തു ചെയ്വു നീ ജീവാത്മാവേ..." ആര് ആരോട് എപ്പോളാണിത് ചോദിച്ചത് ? അതിനുള്ള കവിയുടെ മറുപടിയെന്ത് ?

(iv) "പൊട്ടുന്നിതെന്മനം കണ്ടിതെല്ലാ മഹോ !"
സന്ദർഭം, ആശയം ഇവ വിശദമാക്കുക. 4×4=16


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

**7.** ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : 6×2=12

(a) കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.

(b) ചട്ടമ്പിസ്വാമികളുടെ സമാധി എപ്രകാരമായിരുന്നു ?

(c) ചട്ടമ്പിസ്വാമികളും കുമ്പളത്ത് ശങ്കുപിള്ളയുമായുള്ള ബന്ധം വിവരിക്കുക.


Downloaded From :http://cbseportal.com/ Courtesy : CBSE